കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റയിൽസ്

28 [3035] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റയിൽസ് എന്നാണ് പ്രവർത്തനം തുടങ്ങിയതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ടെക്സ്റ്റയിൽസ് പ്രവർത്തനം ആരംഭിച്ചതിന് ശേഷം എത്രതവണ അടച്ചുപൂട്ടിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) അടച്ചുപൂട്ടാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇപ്പോൾ പ്രവർത്തനം നിലച്ചിട്ട് എത്ര കാലമായി;

(ഇ) ഇത് തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തുകയുണ്ടായോ; എങ്കിൽ എന്തൊക്കെയാണ് എന്നും തീരുമാനങ്ങൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്താമോ;

(എഫ്) കമ്പനി തുറന്ന് പ്രവർത്തിക്കുവാൻ പുതിയ നിർദ്ദേശം എന്തെങ്കിലും ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) 1978-ൽ.

(ബി) 1982—1983, 1986—1988, 1992—993-ലും 1994 നവംബർ മുതൽ തുടർച്ചയായി അടച്ചുപൂട്ടിയതുമാണ്.

(സി) പ്രവർത്തന മൂലധനക്കുറവാണ് പ്രധാന കാരണം. കൂടാതെ യൂണിറ്റിന് ലോൺ കൊടുത്ത ധനകാര്യ സ്ഥാപനങ്ങൾ തുക തിരികെ ഈടാക്കാൻ കൈക്കൊണ്ട നിയമ നടപടികളും ഒരു കാരണമാണ്.

(ഡി) 9 1/2 വർഷത്തോളമായി.

(ഇ) ബഹു: ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ഈ കമ്പനി ലിക്വിഡേഷനിലാണ്.

(എഫ്) തല്ക്കാലം പരിഗണനയിൽ ഇല്ല.

കെല്ലിന്റെ കാസർഗോഡ് യൂണിറ്റ്

29 [3036] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെല്ലിന്റെ കാസർഗോഡ് യൂണിറ്റ് ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ധാരാളം വ്യാപാര ഓർഡറുകൾ ലഭിക്കുന്നുണ്ടെങ്കിലും പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം ഓർഡറുകൾ യഥാസമയം നൽകാൻ സാധിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മൂലധനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെല്ലിന്റെ കാസർഗോഡ് യൂണിറ്റ് ഇപ്പോൾ ലാഭത്തിലല്ല പ്രവർത്തിക്കുന്നത്

(ബി) ഉണ്ട്.

(സി ആന്റ് ഡി) ഉണ്ട്. ആവശ്യമായ പ്രവർത്തന മൂലധനം അനുവദിക്കണമെന്ന കമ്പനിയുടെ അപേക്ഷ പരിഗണിച്ച് പ്രവർത്തനമൂലധന വായ്പ കിർഫ്ബിൽ നിന്നും വാങ്ങുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് 10 കോടി രൂപ പ്രവർത്തനമൂലധന വായ്പയായി അനുവദിക്കുന്നതിനുള്ള അപേക്ഷ കമ്പനി കിർഫ്ബിന് നൽകിയിട്ടുണ്ട്.

പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനായി പദ്ധതി

30 [3037] ഡോ. തോമസ് ഐസക്:

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

" എം. വി. ജയരാജൻ:

" പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) പരമ്പരാഗത വ്യവസായങ്ങളിൽ ഓരോന്നിലും ഇപ്പോൾ എത്രപേർ വീതം തൊഴിൽ ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനായി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ ഫലമായി ഓരോന്നിലും കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly